നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം യൂണിറ്റിന് ഒരു രൂപ നിരക്കിൽ അഞ്ചുവർഷത്തേയ്ക്കോ സൗരോർജ്ജ വൈദ്യുതി വാങ്ങൽ കരാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തീകരിക്കുന്നതുവരെയോ കരാർ പ്രകാരമുള്ള (RPO) സൗരോർജ്ജം സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതുവരെയോ ഇൻസെന്റീവ് നൽകുന്നതാണ്.

സൗരോർജ്ജ വൈദ്യുത പദ്ധതികൾ

53 (398) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സൗരോർജ്ജ പദ്ധതികൾ വികസിപ്പിച്ച 60 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയത് വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷം അനെർട്ട് മുഖേന 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള 12 മെഗാവാട്ട് ഉൽപ്പാദനശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ ഫോട്ടോവോൾട്ടായിക് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടിരുന്നു. കിലോവാട്ടിന് 10,000 രൂപ എന്ന നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡിയും നിശ്ചിത തുകയുടെ 30 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാർ സബ്സിഡിയും ഉപയോഗപ്പെടുത്തി ഈ പദ്ധതിയുടെ നിർവ്വഹണം കേന്ദ്ര സർക്കാരിന്റെ അംഗീകൃത എംപാനൽഡ് നിർമ്മാതാക്കൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 11 മെഗാവാട്ട് ശേഷിയുള്ള പവർപ്ലാന്റുകളുടെ രജിസ്ട്രേഷൻ ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കണക്കിവിറ്റി അംഗീകാരത്തിന് വിധേയമായിട്ടാകും ഇവ സ്ഥാപിക്കുന്നത്.

സൗരോർജ്ജ വൈദ്യുതി

54 (399) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൗരോർജ്ജത്തിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്നതായാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇത് സംസ്ഥാനത്തിന്റെ ആവശ്യത്തിന്റെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly